(ഡി) എറണാകുളത്തുള്ള ഒരു പോസ്റ്റുമെട്രിക് ഹോസ്റ്റലിൽ പട്ടിണി കിടക്കേണ്ടതായി വന്ന അന്തേവാസികളെ ജസ്റ്റീസ് കെ. തങ്കപ്പൻ സന്ദർശിക്കുകയും സഹായം നൽകുകയും ചെയ്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പ്രസ്തുത ഹോസ്റ്റലിൽ കുട്ടികൾക്ക് കൃത്യമായ ഭക്ഷണം നൽകുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 18 പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുണ്ട്. വകുപ്പിന്റെ കീഴിലുണ്ടായിരുന്ന 91 പ്രീ-മെട്രിക് ഹോസ്റ്റലുകൾ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

(ബി) 3,510.

(സി) ഇല്ല.

(ഡി) ജസ്റ്റിസ് കെ. തങ്കപ്പൻ ഹോസ്റ്റൽ സന്ദർശിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ അന്തേവാസികൾ പട്ടിണി കിടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഡിപ്പാർട്ട്മെന്റ് സ്റ്റോറിൽ നിന്നും അരി, പലവ്യഞ്ജനം, പച്ചക്കറി മുതലായവയും എറണാകുളത്ത് ജനറൽ ആശുപത്രിക്കുള്ളിൽ പ്രവർത്തിക്കുന്ന ധന്വന്തരി സർവ്വീസ് സൊസൈറ്റിയിൽ നിന്നും മരുന്ന്, പാൽ എന്നിവയും ക്രഡിറ്റ് ബേസിൽ കിട്ടുന്നതിനുള്ള നടപടികൾ യഥാസമയം എടുത്തിട്ടുള്ളതാണ്. അപ്രകാരം മുടക്കം കൂടാതെ സപ്ലൈ നടന്നുകൊണ്ടിരിക്കുന്നുമുണ്ട്. എറണാകുളം പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ ട്രഷറി നിയന്ത്രണംമൂലം കുട്ടികൾക്ക് നോൺ വെജിറ്റേറിയൻ ഭക്ഷണം നൽകുന്നതിന് ഏതാനും ദിവസം വീഴ്ചയുണ്ടായി. ഹോസ്റ്റലിലെ പോരായ്മകളെപ്പറ്റി ചില ദിനപത്രങ്ങളിൽ വാർത്ത വന്നതിനെ തുടർന്ന് ബഹു. ഹൈക്കോടതി നിർദ്ദേശപ്രകാരം ഹോസ്റ്റലിലേക്ക് ഭക്ഷണം മരുന്ന്, പാൽ തുടങ്ങിയവ വാങ്ങിയ കുടിശ്ശിക മുഴുവനായും കൊടുത്തു തീർത്തു. ഭക്ഷണം നൽകുന്നതിൽ ഒട്ടും വീഴ്ച ഉണ്ടാവാതിരിക്കാൻ നടപടി സ്വീകരിച്ചു. ഡിപ്പാർട്ടുമെന്റ് സ്റ്റോറിന് 53,967 രൂപയും പാലും, മരുന്നും വാങ്ങിയ ഇനത്തിൽ യഥാക്രമം 7638 രൂപയും 3534 രൂപയും ധന്വന്തരി സൊസൈറ്റിക്കും കുടിശ്ശികയിനത്തിൽ നൽകുവാനുണ്ടായിരുന്നത് നൽകി കഴിഞ്ഞു. കൂടാതെ നോൺ വെജിറ്റേറിയൻ ഭക്ഷണ സാധനങ്ങൾ ഒരാക്കം പണം കൊടുത്തു വാങ്ങുന്നതിന് 14,000 രൂപ റസിഡന്റ് ട്യൂട്ടറെ ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പ് വഴിയുള്ള ഡ്രൈവിംഗ് പരിശീലനം

162 (2441) ശ്രീ. എൻ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നാക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001-02, 2002-03 വർഷങ്ങളിൽ പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പുവഴി എത്രപേർക്ക് ഡ്രൈവിംഗ് പരിശീലനം നടത്തിയെന്നതുസംബന്ധിച്ച ജില്ല തിരിച്ചുള്ള കണക്കുകൾ മേശപ്പുറത്ത് വയ്ക്കുമോ ; ഇതിനായി എത്രരൂപ ചെലവഴിച്ചുവെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിനുള്ള പരിശീലനത്തിനുവേണ്ടി വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ ;

(സി) ഏത് ഏജൻസിയാണ് ഇവരെ തെരഞ്ഞെടുത്തത് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഒരാൾക്ക് എത്ര രൂപ ഫീസിനത്തിൽ ഡ്രൈവിംഗ് പരിശീലനത്തിനു വേണ്ടി പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് ചെലവഴിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഇ) ഡ്രൈവിംഗ് പരിശീലനത്തിനുവേണ്ടി ഓരോ ജില്ലയിലും ഏതൊക്കെ സ്ഥാപനങ്ങളെയാണ് പരിശീലനം നടത്തിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(എഫ്) ഓരോ സ്ഥാപനത്തിനും എത്ര രൂപ വീതം നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ജി) പരിശീലനം പൂർത്തിയാക്കി സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷമാണോ സ്ഥാപനങ്ങൾക്കുള്ള ഫീസ് കൊടുക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ജി) വിവരം ശേഖരിച്ചുവരുന്നു.

പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ

163 (2442) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്ര പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത സഹകരണ സംഘങ്ങളുടെ സുഗമമായ പ്രവർത്തനത്തിനു വേണ്ടി സർക്കാർ നല്കുന്ന സഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ ഫെഡറേഷനിൽ 482 പട്ടികജാതി സഹകരണ സംഘങ്ങളും 95 പട്ടികവർഗ്ഗ സഹകരണ സംഘങ്ങളും അംഗത്വം എടുത്തിട്ടുണ്ട്.

(ബി) ഫെഡറേഷനിൽ അംഗത്വമുള്ള സഹകരണ സംഘങ്ങൾക്ക് എം.എഫ്.പി. ശേഖരണം സംബന്ധിച്ച്, കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റ്-ഇൻ-എയിഡ് നല്കുന്നു. കൂടാതെ തൊഴിലധിഷ്ഠിത വായ്പയും നല്കുന്നു.

പിന്നോക്ക-പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന് നിലവിലുള്ള കോർപ്പറേഷനുകൾ

164 (2443) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പിന്നോക്ക-പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെ അധീനതയിൽ എത്ര കോർപ്പറേഷനുകൾ നിലവിലുണ്ട് ; ഇവ ഏതൊക്കെയാണ് എന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly